# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2060 — 19.06.2012-ൽ മറുപടിയ്ക്ക്

വനവൽക്കരണ പദ്ധതികളിൽ സന്നദ്ധ സംഘടനകൾക്ക്

ലഭിക്കുന്ന സഹായങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ദാസൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന സർക്കാരിന്റെ വിവിധ വന വൽക്കരണ പദ്ധതികളിൽ സന്നദ്ധ സംഘടനകൾക്കും കലാസാംസ്കാരിക സ്ഥാപനങ്ങൾക്കും ലഭിക്കുന്ന സഹായങ്ങളും സംവിധാനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | എ) വനം വകുപ്പ് നടപ്പാക്കി വരുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള വൃക്ഷ തൈ വിതരണത്തിൽ സന്നദ്ധ സംഘടനകൾക്കും, കലാ സാംസ്കാരിക സംഘടനകൾക്കും കൂടുതൽ തൈകൾ വച്ച് പിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യ നിരക്കിൽ തൈ വിതരണം നടത്തുന്നു. |
| ബി) ജില്ലാ തലത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം സംവിധാനങ്ങൾ ആണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ ? | ബി) സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ ജില്ലയിലും ഒരു അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ നിയമിച്ചിരിക്കുന്നു. ഓരോ ജില്ലയിലും വിവിധ സ്ഥലങ്ങളിലായി എടുത്തിരിക്കുന്ന നഴ്സറികളിലൂടെയുള്ള തൈ വിതരണ പ്രവർത്തനങ്ങൾ അദ്ദേഹവും സഹപ്രവർത്തകരും ചേർന്ന് ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ